Publication: Malayala Manorama
Date: 17-03-10
Page No. 6
Headline: Corrugated Box Manufactures in Crisis

# കൊറഗേറ്റഡ് ബോക്സ് നിർമാണം പ്രതിസന്ധിയിൽ

കൊച്ചി: ക്രാഫ്റ്റ് പേപ്പറിന്റെ വില ഒറ്റയടിക്കു വർധിപ്പിച്ചതും ഉൽപാദനച്ചെലവ് 25% കൂടിയതും കൊറഗേറ്റഡ് ബോക്സ് നിർമാണ യൂണിറ്റുകളെ പ്രതിസന്ധിയിലാക്കുന്നു.

സ്റ്റാർച്ചിന്റെ വില ഇരട്ടിയായി. സ്റ്റിച്ചിങ് വയറിന് 40 ശതമാനം വില കൂടി. ഇതോടൊപ്പം വേതന ചെലവും ഗണ്യമായി വർധിച്ചുവെന്ന് ഇന്ത്യൻ കൊറഗേറ്റഡ് കെയ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ പ്രസിഡന്റ് കീർത്തി മോഡി പറഞ്ഞു.

പാൽ, പഴം, പച്ചക്കറി, മരുന്ന് തുടങ്ങിയ അവശ്യ വസ്തുക്കളുടെയെല്ലാം നീക്കത്തിന് ഇത്തരം ബോക്സുകൾ അനിവാര്യമാണ്. പാഴ് കടലാസുകളിൽ നിന്നാണ് ഇതിനാവശ്യമായ ക്രാഫ്റ്റ് പേപ്പർ ഉൽപാദിപ്പിക്കുന്നതെന്നതിനാൽ പരിസ്ഥിതി സംരക്ഷണത്തിനും ഇതു സഹായകമാകുന്നുണ്ട്.

ക്രാഫ്റ്റ് പേപ്പർ നിർമാണത്തിനാവശ്യമായ ഫൈബറിന് ആഗോള തലത്തിൽ ദൗർലഭ്യമുണ്ടെന്നതു യാഥാർഥ്യമാണ്. എന്നാൽ പേപ്പർ മില്ലുകൾ സംഘടിച്ച് ഒറ്റയടിക്ക് വൻ തോതിൽ വില കൂട്ടിയതു ന്യായീകരിക്കാനാവില്ലെന്നു സെക്രട്ടറി ഹരീഷ് മദൻ പറഞ്ഞു. ക്രാഫ്റ്റ് പേപ്പറുകൾ തീരുവയില്ലാതെ ഇറക്കുമതി ചെയ്യാൻ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ട്. ഉൽപന്നങ്ങൾക്ക് 25 ശതമാനമെങ്കിലും വില ഉടൻ വർധിപ്പിക്കാൻ ഉപഭോക്തൃ സ്ഥാപനങ്ങൾ തയാറായില്ലെങ്കിൽ യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടിവരുമെന്ന് അസോസിയേഷൻ മുന്നറിയിപ്പു നൽകി.